**കേരള സർക്കാർ**

**സംഗ്രഹം**

**നികുതി വകുപ്പ് – എക്സൈസ് – 2014–15 സാമ്പത്തിക വർഷം പുതുക്കി നൽകാത്തതും 2..4.14 മുതൽ അടഞ്ഞുകിടക്കുന്നതുമായ 418 ബാർ ഹോട്ടലുകളിലെ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം അനുവദിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**നികുതി (ജി) വകുപ്പ്**

**ജി.ഒ.(ആർ.റ്റി)നം.723/2014/നി.വ. തിരുവനന്തപുരം, തീയതി: 4/09/2014.**

---

**പരാമർശം:– 22.8.2014–ലെ ജി.ഒ(എം.എസ്)നം.189/2014/നികുതി വകുപ്പ് ഉത്തരവ്.**

**ഉത്തരവ്**

**സംസ്ഥാനത്ത് 2014–15 സാമ്പത്തിക വർഷത്തേക്ക് പുതുക്കി നൽകാത്തതും 2.4.2014 മുതൽ അടഞ്ഞു കിടക്കുന്നതുമായ 418 ബാർ ഹോട്ടലുകളിൽ ജോലി ചെയ്തിരുന്നതും അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 593 തൊഴിലാളികൾക്കും, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 6870 തൊഴിലാളികൾക്കും ഈ ഓണക്കാലത്ത് സാമ്പത്തിക സഹായമായി 5000/- രൂപ വീതം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**2. ഈ ചെലവിലേക്കാവശ്യമായ 3,43,50,000/–രൂപ (മൂന്ന് കോടി നാൽപത്തിമൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ഈ തൊഴിലാളികളുടെ പുനരധിവാസത്തിനുള്ള ഫണ്ട് രൂപീകരിക്കുമ്പോൾ തിരികെ നൽകണമെന്ന വ്യവസ്ഥയിൽ താൽക്കാലിക വായ്പയായി ബിവറേജസ് കോർപ്പറേഷനിൽ നിന്നും എക്സൈസ് കമ്മീഷണർക്ക് നൽകേണ്ടതാണ്. എക്സൈസ് കമ്മീഷണർ പ്രസ്തുത തുക ബന്ധപ്പെട്ട എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ മുഖേന തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അർഹരായിട്ടുള്ള തൊഴിലാളികൾക്ക് മാത്രമേ തുക വിതരണം ചെയ്യുന്നുള്ളൂ എന്ന് എക്സൈസ് കമ്മീഷണർ ഉറപ്പു വരുത്തേണ്ടതും വിതരണം ചെയ്ത തുകയുടെ സമാഹൃത റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.**

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**കെ.അജിത്കുമാർ**
**സെക്രട്ടറി**

1. **അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ്) കേരളം, തിരുവനന്തപുരം.**
2. **എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.**
3. **എം.ഡി., കെ.എസ്.ബി.സി.**
4. **ധനകാര്യ വകുപ്പ്.**
5. **വിവര പൊതുജന സമ്പർക്ക വകുപ്പ്**
6. **പൊതുഭരണ (എസ്.സി) വകുപ്പ്**
7. **സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.**
8. **ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്**
9. **ബഹു.എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്**
10. **സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.**

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ആഫീസർ.**